# തുടി

റിസർച്ച് ജേണൽ

ISSN 2320 – 8880

39

2022 ജൂലായ്-സെപ്റ്റംബർ

വാല്യം 10 ലക്കം 3

U.G.C. CARE Listed Peer-Reviewed Refereed Journal

മലയാളവിഭാഗം, കണ്ണൂർ സർവ്വകലാശാല,

ഡോ.പി.കെ. രാജൻ മെമ്മോറിയൽ കാമ്പസ്, നീലേശ്വരം

കാസർകോട് ജില്ല, കേരളം – 671 314

ഇ–മെയിൽ : thudimalayalam21@gmail.com

**പത്രാധിപർ**
ഡോ.റീജ വി.

**പത്രാധിപസമിതി**
ഡോ.അബ്ദുൾ റഹിക്
ഡോ. ലിജാ അരവിന്ദ്

**ഉപദേശക സമിതി**
ഡോ. ഡി.ബെഞ്ചമിൻ
ഡോ. ദേശമംഗലം രാമകൃഷ്ണൻ
ഡോ. സി.ആർ.പ്രസാദ്
ഡോ. പി.എസ്.രാധാകൃഷ്ണൻ
ഡോ. അജു കെ. നാരായണൻ

**റഫറീസ്**
ഡോ. അജയകുമാർ ജി.
ഡോ. ആർ.വി.എം. ദിവാകരൻ
ഡോ. സീമാ ജെറോം
ഡോ. രാജേന്ദ്രൻ എടത്തുംകര

**കവർ**
പാവേൽ സുരേഷ്

**ലേ ഔട്ട്**
പ്രീതി വി.പി.

**ഫോണ്ട്**
മഞ്ജരി (സ്വതന്ത്ര മലയാളം കമ്പ്യൂട്ടിംഗ്)

**അച്ചടി**

**മണിപ്പാൽ ടെക്നോളജീസ് ലിമിറ്റഡ്**
ഭാഷയെയും സാഹിത്യത്തെയും സംസ്കാരത്തെയും കുറിച്ചുള്ള പഠനഗവേഷണങ്ങൾക്ക് പ്രാധാന്യം നൽകുന്ന പ്രസിദ്ധീകരണമാണ് ഇടി. പ്രതിവർഷം നാല് ലക്കങ്ങൾ: ജനുവരി–മാർച്ച്, ഏപ്രിൽ–ജൂൺ, ജൂലൈ–സെപ്റ്റംബർ, ഒക്ടോബർ–ഡിസംബർ,
വില 500

THUDI
Research Journal
Vol-10 July-September 2022 No.3
U.G.C. CARE Listed Peer-Reviewed Refereed Journal

Published Four times a year by
Head of the Dept. of Malayalam
Kannur University

**Cover**
Pavel Suresh

**Layout & Pre Press**
Preethy V.P.

**Printed at**
Manipal Technologies Limited, Manipal

**Address for Correspondence**
Dr.Reeja V.
Associate Professor and Head,
Dept. of Malayalam, Kannur University
Dr.P.K. Rajan Memorial Campus, Nileshwaram
Kasargod, Kerala - 671314

ഡോ.ആർ.ചന്ദ്രബോസ് 163-176

സ്ഥലം, കാലം, ഓർമ; ജ്ഞാനപരികല്പനകൾ
എസ്.ഹരീഷിന്റെ രചനകളിൽ

ഡോ.പി.പി.പ്രകാശൻ 177-186

അധ്യാപനത്തിന്റെ രാഷ്ട്രീയം

സംഗീത എം.കെ. 187-199

മനസ്സും കർതൃത്വവും ബെറ്റി ഫ്രീഡാന്റെ പരീക്ഷണങ്ങൾ

ഡോ.കെ.എസ്. ഹക്കിം 200-210

സമൂഹപഠനവും സാമൂഹ്യയാഥാർത്ഥ്യങ്ങളും: പ്രാമാണികവും
രീതിശാസ്ത്രപരവുമായ തർക്കങ്ങൾക്ക് ഒരാമുഖം

ഡോ.അശോക് ഡിക്രൂസ് 211-224

പോർച്ചുഗീസ് ഇതിഹാസകാവ്യത്തിലെ
കേരളസംസ്കാരനിർമ്മിതി

ഡോ.സജിത കിഴിനിപ്പുറത്ത് 225-235

സാഹിത്യവിമർശനത്തിലെ ജൈവദർശനം

ഡോ.ലിസി മാത്യു വി. 236-249

കാടും കാട്ടുപാട്ടും

മുഹമ്മദ് റാഫി എൻ.വി. 250-265

മലയാളത്തിലെ ആദ്യ അസ്തിത്വവാദനോവലായ
ശബ്ദങ്ങളുടെ രതാവർഷങ്ങൾ

ലേഖകപരിചയം 266-268

മുഹമ്മദ് റാഫി എൻ. വി.

തുടി റിസർച്ച് ജേണൽ
ISSN-2320-8880
ലക്കം- 3 വോള്യം-10

# മലയാളത്തിലെ ആദ്യ അസ്തിത്വവാദ നോവലായ ശബ്ദങ്ങളുടെ ഭാവവർഷങ്ങൾ

**സംഗ്രഹം**

1947 ഇൽ പുറത്തിറങ്ങിയ മലയാളത്തിലെ ആദ്യ അസ്തിത്വവാദ/അന്യവത്ക്കരണ കൃതിയായ ബഷീറിന്റെ ശബ്ദങ്ങൾ അടിസ്ഥാനപരമായി മനുഷ്യൻ തന്നെ സ്വയം വരുത്തിവെച്ച സ്വത്വപ്രതിസന്ധിയെയാണ് അഭിമുഖീകരിച്ചത്. 'അന്യവൽക്കരണത്തിന്റെയും അസ്തിത്വവ്യഥയുടെയും അടിസ്ഥാനശില മനുഷ്യന്റെ ദുരയാണ്' എന്ന നിലയിലുള്ള വിശകലനങ്ങൾ സാധ്യമാകുന്ന ചെറുനോവലാണ് ശബ്ദങ്ങൾ. യുദ്ധം, അധികാരക്കൊതി, അപരിമിതമായ ആഗ്രഹങ്ങൾ, ശരീരത്തിന്റെയും മനസ്സിന്റെയും കാമനകൾ തുടങ്ങിയവ മനുഷ്യനെ സ്വാർത്ഥനും അപരനെ ഇല്ലാതാക്കുവാൻ ശക്തിപകരുന്ന ഊർജ്ജവാഹിനിയാക്കി മാറ്റുകയും ചെയ്തു. ആധുനികതാവാദപരിസരത്തെ ആദ്യ അസ്തിത്വപ്രതിസന്ധിയിൽ അകപ്പെട്ട നായകൻ കൂടിയാണ് ശബ്ദങ്ങളിലെ പട്ടാളക്കാരൻ. അടിസ്ഥാനപരമായി അവനവനെ മാത്രം ഇഷ്ടപ്പെടുന്ന ജന്തു എന്ന നിലക്കുള്ള അവന്റെ കർതൃത്വത്തിലേക്കുള്ള താക്കോൽ വാക്കുകളായി ശബ്ദങ്ങളിൽ മുഖരിതമാകുന്ന പല സംഭാഷണങ്ങളും മാറിത്തീരുന്നു. ആധുനികതാവാദഭാവുകത്വപരിസരത്തെ നിർമ്മിച്ച പ്രധാന സൗന്ദര്യശാസ്ത്ര സങ്കേതങ്ങളിലൊന്നായ അസ്തിത്വവാദത്തിന്റെയും അന്യവത്കരണത്തിന്റെയും ഭാഷാപരമായതും ഇതിവൃത്തപരമായതുമായതും പാത്രചിത്രീകരണപരമായതുമായ സവിശേഷതകൾ മലയാളത്തിൽ ആദ്യം പ്രത്യക്ഷമായത് ശബ്ദങ്ങളിലാണ്. ഈ പഠനം ആധുനികതയുടെ സവിശേഷതകൾ

ഒത്തിണങ്ങിയ ഒരു കൃതിയാണ് ശബ്ദങ്ങൾ എന്ന് വിലയിരുത്തുന്നു. ശബ്ദങ്ങൾ മലയാള സാഹിത്യലോകത്തിൽ വന്നിട്ട് 75 വർഷങ്ങൾ തികഞ്ഞു. പ്രകൃതിയിൽ നിന്നകന്ന മനുഷ്യനെയും അവന്റെ ദുരയെയും ആധുനിക നാഗരിക പശ്ചാത്തലത്തിൽ വെച്ച് ആഖ്യാനം ചെയ്യുന്ന നോവലായ ശബ്ദങ്ങൾ മലയാളത്തിലെ ആദ്യത്തെ അസ്തിത്വവാദ/ അപരവൽകരണ കൃതി കൂടിയാണ് എന്നും വായിച്ചെടുക്കാൻ ശ്രമിക്കുന്നു.

**താക്കോൽ വാക്കുകൾ**

അസ്തിത്വവാദം, അന്യവത്കരണം, എൽ ജി ബി ടി, ലൈംഗിക തൊഴിലാളി.

വൈക്കം മുഹമ്മദ് ബഷീർ എഴുതിയ *ശബ്ദങ്ങൾ* എന്ന നോവൽ പ്രസിദ്ധീകരിച്ചു കഴിഞ്ഞിട്ട് എഴുപത്തഞ്ചു വർഷങ്ങൾ പിന്നിട്ടു. 1947 ലാണ് അദ്ദേഹം ഈ നോവൽ രചിച്ചത്. യുദ്ധം, ക്ഷാമം, ജാതി, മതം, ദൈവം, എൽ ജി ബി ടി പ്ലസ്, ലിംഗപരത, അനാഥത്വം, രോഗം, വിശപ്പ്, ലൈംഗികതൊഴിൽ തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യുന്ന ഈ നോവൽ മലയാളസാഹിത്യത്തിലെ ആദ്യ അന്യവൽക്കരണ/അസ്തിത്വവാദ കൃതിയാണ്. "അസ്തിത്വവാദവും അന്യവല്കരണവും ചർച്ചക്കെടുക്കുമ്പോൾ ഈ നൂതനപ്രവണതയുടെ വേരുകൾ തേടേണ്ടത് ബഷീർ കൃതികളിലാണ്" എന്ന് കെ.എം.തരകൻ മുന്നേ തന്നെ അഭിപ്രായപ്പെട്ടിട്ടുണ്ട് (1974:191). ഒരു സൈനികനും എഴുത്തുകാരനും തമ്മിലുള്ള സംഭാഷണത്തിന്റെ രൂപത്തിൽ ക്രാഫ്റ്റ് ചെയ്യപ്പെട്ട പ്രസ്തുതനോവലിലെ ആഖ്യാതാവിനോട് പട്ടാളക്കാരൻ തന്റെ കഥ പറയുന്ന മട്ടിലാണ് രചന. ആഖ്യാതാവും തന്റെ തന്നെ ഉള്ളിലുള്ള സന്ദേഹിയും ഉന്മാദിയുമായ അപരത്വവും തമ്മിലുള്ള സംഭാഷണം എന്ന രീതിയിലാണ് ഈ നോവലിന്റെ ആഖ്യാനം മുന്നോട്ട് നീങ്ങുന്നത് എന്ന് ചിലപ്പോൾ തോന്നിക്കൂടായ്കയില്ല. സൈനികൻ എഴുത്തുകാരനെ സമീപിച്ച് തന്റെ ജീവിതകഥ പറയുന്നു. എഴുത്തുകാരൻ അതെല്ലാം കുറിച്ചെടുക്കുകയും സൈനികനോട് സംശയങ്ങൾ ചോദിക്കുകയും

ചെയ്യുന്നു. അതോടൊപ്പം അദ്ദേഹം സൈനികന്റെ ചോദ്യങ്ങൾക്ക് മറുപടി പറയുകയും ചെയ്യുന്നുണ്ട്.

ഈ നോവൽ രചിക്കപ്പെടുന്നതിന്റെ ചില്ലറ വർഷങ്ങൾക്കുമുമ്പാണ് രണ്ടാം ലോകമഹായുദ്ധം നടന്നത് എന്നതും ഇന്ത്യ സ്വാതന്ത്ര്യം നേടിയത് ഇതേവർഷമാണ് എന്നതും പ്രസ്താവ്യമാണ്. നാൽക്കവലയിൽ ആരോ ഉപേക്ഷിച്ചുപോയ ഒരു കുഞ്ഞിനെ ഒരു പൂജാരി ദത്തെടുക്കുന്നു. കുഞ്ഞ് മുതിർന്നപ്പോൾ സൈന്യത്തിൽ ചേർന്ന് യുദ്ധത്തിൽ പങ്കെടുക്കുന്നു. പട്ടാളത്തിൽ അക്കാലത്തുള്ള ലൈംഗികദാരിദ്ര്യം പലർക്കും സമ്മാനിച്ചത് സിഫിലിസും ഗൊണേറിയയുമായിരുന്നു. ലൈംഗികതയെപ്പറ്റിയുള്ള അയാളുടെ ജിജ്ഞാസയും മറ്റൊരാളുടെ ചതിയും അയാളെ മദ്യലഹരിയിൽ സ്വവർഗരതിയിലേയ്ക്ക് നയിക്കുകയും അതിലൂടെ അയാളും രോഗിയായി മാറുകയും ചെയ്യുകയാണുണ്ടായത്. നോവലിലെ ഓരോ സംഭവവികാസവും ചുരുളഴിയുന്നത് ദൃശ്യാത്മകമായ സംഭാഷണങ്ങളിലൂടെയാണ്. ബഷീറിന്റെ പല കൃതികളിലും ഉൾച്ചേരുന്ന അമർത്തിപ്പിടിച്ച നർമവും എഴുത്തുകാരന്റെ തന്നെ ജീവിതത്തോടു ചേർന്ന് നിൽക്കുന്ന സന്ദർഭങ്ങളും മുസ്ലിംജീവിതപരിസരവും ശബ്ദങ്ങളിൽ ഇല്ല. മതിലുകളിലെ പോലെ മാനകഭാഷയാണ് ഉപയോഗിച്ചിരിക്കുന്നതും.

വ്യക്തിയുടെ ആന്തരികലോകം/ മനസ്സ് പ്രധാനപ്പെട്ടതാണ്. അതിന്റെ ചിന്തയും ലോകവും അഭിമുഖീകരിക്കപ്പെടേണ്ടതുണ്ട്. നവോത്ഥാനസാഹിത്യസംരംഭങ്ങൾക്കുശേഷം ഭാവുകത്വപരിസരം ആധുനികതയെ പുൽകുകയും അതിനെ ആഘോഷിക്കുകയും ചെയ്ത സന്ദർഭത്തിൽ തന്നെ, നമ്മുടെ സാഹിത്യലോകം 'വ്യക്തി' എന്ന ഏകാകിയുടെ സ്വരത്തെയും അഭിമുഖീകരിക്കുകയും ആഘോഷിക്കുകയും ചെയ്തു എന്ന് പറയാം. വ്യക്തിസ്വാതന്ത്ര്യത്തിനു പ്രാധാന്യം കല്പിക്കുകയും യുക്തിയെക്കാൾ ഇച്ഛയ്ക്കു മുൻതൂക്കം നല്കുകയും ഇച്ഛാനുസരണം വിധിയെ നിയന്ത്രിക്കാൻ കഴിയും എന്ന തത്വത്തെ അതേ

റ്റെടുക്കുകയും ചെയ്തു. അസ്തിത്വവാദികൾ വ്യക്തിയുടെ അസ്തിത്വത്തിന്റെ നിസ്സാരതയെപ്പറ്റി ഊന്നിപ്പറയുകയും പ്രപഞ്ചം അർത്ഥശൂന്യമാണെന്നു വാദിക്കുകയും സാന്മാർഗികമൂല്യങ്ങളെ നിഷേധിക്കുകയും ചെയ്തു. സാന്മാർഗികമൂല്യങ്ങൾ ഒരർഥത്തിൽ ജീവിതത്തിലെ സഹജമായ ഇച്ഛകൾക്ക് എതിര് നിൽക്കുന്നു എന്നത് കൊണ്ട് കൂടിയായിരിക്കും ഇങ്ങിനെ ചിന്തിക്കാൻ കാരണം.

ഡാനിഷ് ചിന്തകനായ കീർക്കഗോർ അസ്തിത്വവാദത്തിന്റെ പിതാവായി കരുതപ്പെടുന്നു. ഇദ്ദേഹത്തിന്റെ കൃതികൾ മിക്ക അസ്തിത്വവാദികളെയും സ്വാധീനിച്ചിട്ടുണ്ട്. ജീവിച്ചിരുന്ന കാലത്ത് ഈ കൃതികൾക്ക് വലിയ വില കല്പിക്കപ്പെട്ടിരുന്നില്ലെങ്കിലും 1909–14 ൽ ഇവയുടെ ജർമൻ പരിഭാഷ പുറത്തു വന്നതോടുകൂടി ഇവയുടെ സ്വാധീനം വർധിച്ചുതുടങ്ങി. വൈപരീത്യങ്ങളും തിന്മകളും അസംബന്ധങ്ങളും നിറഞ്ഞ ലോകത്തിൽ താൻ ഒറ്റപ്പെട്ടവനാണെന്നു കീർക്ക ഗോറിന് തോന്നി. ഈ പരിതഃസ്ഥിതിയിൽനിന്നും രക്ഷപ്പെടാനുള്ള മാർഗത്തെക്കുറിച്ച് ഇദ്ദേഹം ആലോചിച്ചു. ഭയവും ഉത്കണ്ഠയുംമൂലം മനുഷ്യന്റെ അസ്തിത്വം പീഡിതമാണ്. ഈ അവസ്ഥയിൽനിന്നു രക്ഷ നേടുന്നതിന് അദ്ദേഹം ഈശ്വരസത്തയിൽ വിശ്വസിക്കുന്നു. മീൻ, മരം, കല്ല്, മനുഷ്യൻ തുടങ്ങിയവയെല്ലാം അസ്തിത്വമുള്ളവയാണ്. എന്നാൽ പുതിയ അർത്ഥത്തിൽ അസ്തിത്വം മനുഷ്യനുമാത്രമേ ഉള്ളൂ. ഒരു ഉദാഹരണംകൊണ്ട് കീർക്കഗോർ ഇതു വ്യക്തമാക്കുന്നു. കുതിരവണ്ടിയിൽ സവാരിചെയ്യുന്ന രണ്ടു തരത്തിലുള്ള വ്യക്തികളാണ് താരതമ്യത്തിനു നിദാനം. ഒരാൾ കടിഞ്ഞാൺ കൈയിൽ പിടിച്ചിട്ടുണ്ടെങ്കിലും ഉറക്കമാണ്; അയാളുടെ യാത്രയെക്കുറിച്ച് അയാൾ ബോധവാനല്ല. പരിചയംമൂലം കുതിര നിർദിഷ്ടമാർഗത്തിലൂടെ പോകുന്നു. രണ്ടാമൻ കുതിരയുടെ ഗതിയെ (തന്റെ യാത്രയെ) അനുനിമിഷം നിയന്ത്രിച്ചുകൊണ്ടിരിക്കുന്നു. ഈ രണ്ടു സവാരിക്കാർക്കും ഒരുവിധത്തിൽ അസ്തിത്വം അവകാശപ്പെടാമെങ്കിലും കീർക്കഗോർ വിവരിക്കുന്ന രീതിയിലുള്ള അസ്തിത്വം ഇതിൽ

രണ്ടാമനു മാത്രമേ ഉള്ളൂ. ഈ അസ്തിത്വം ബോധപൂർവം ഒരു പ്രവൃത്തിയിൽ മുഴുകിയിരിക്കുന്ന വ്യക്തിയിലാണ് നിക്ഷിപ്തമായിരിക്കുന്നത്. ശാസ്ത്രീയമായോ അതിഭൗതികമായോ മനുഷ്യനെ മനസ്സിലാക്കുക സാധ്യമല്ലെന്നും അവൻ ചിന്തിക്കുകയും തീരുമാനങ്ങളെടുക്കുകയും ചെയ്യുന്ന വ്യക്തിയാണെന്നും സ്വതന്ത്രനാണെന്നും അതുകൊണ്ടുതന്നെ ദുഃഖിതനുമാണെന്നും അസ്തിത്വവാദം സമർഥിക്കുന്നു. അവന്റെ ഭാവി അവന്റെ സ്വതന്ത്രമായ ഇച്ഛയെ ആശ്രയിച്ചിരിക്കുന്നതുകൊണ്ട് മുൻവിധി സാധ്യമല്ല.

രണ്ടാം ലോകമഹായുദ്ധത്തിനു ശേഷമാണ് അസ്തിത്വവാദസാഹിത്യവും അന്യവത്കരണചിന്തയുമൊക്കെ ലോകം മുഴുവനുള്ള സാഹിത്യചിന്താമണ്ഡലങ്ങൾ കാര്യമായ തോതിൽ ഏറ്റെടുത്തത് എന്നു പറയുന്നതിൽ തെറ്റില്ല. യുദ്ധാനന്തരം ലോകം മുഴുവൻ പടർന്നു പിടിച്ച തൊഴിലില്ലായ്മ, ദാരിദ്ര്യം തുടങ്ങിയവ സൃഷ്ടിച്ച അന്യവത്കരണവും മറ്റും ഇതിന് രാസത്വരകമായി വർത്തിച്ചു. സാമൂഹികവും ജാതീയവും രാഷ്ട്രീയവും ഒക്കെയായ കാരണങ്ങൾ കൊണ്ട് പുറംതള്ളപ്പെട്ടവരുടെ ചേരികളും തെരുവുകളും രൂപം കൊണ്ടുതുടങ്ങി. തൊഴിലിനുവേണ്ടിയും അതിജീവനത്തിനു വേണ്ടിയും മറ്റും നടന്ന പലായനങ്ങൾ മനുഷ്യർ പുഴുക്കളെ പോലെ തിങ്ങിപ്പാർക്കുന്ന ഇടങ്ങൾ സൃഷ്ടിക്കപ്പെട്ടു തുടങ്ങി. നഗരങ്ങളുടെ വഴിയോരങ്ങളിലും പുറമ്പോക്കുകളിലും മറ്റും ചേരികളും തെരുവുകളും രൂപം കൊണ്ടു. ദേശരാഷ്ട്രചിന്തകളും ഫ്യൂഡലിസത്തിന്റെ പിന്മാറ്റങ്ങളും പലവിധമായ വ്യവസായവത്കരണങ്ങളും മറ്റും സൃഷ്ടിച്ച സ്വത്വപ്രതിസന്ധി വ്യക്തികളെ അവനവനിലേക്ക് ചുരുക്കുകയും അയാൾ സമൂഹത്തിൽ നിന്നും തന്നിൽ തന്നിലും ഒറ്റപ്പെടുന്ന അവസ്ഥ സംജാതമാവുകയും ചെയ്തു. ആധുനികത ഏകാകിയുടെ ശബ്ദങ്ങൾ കണ്ടെടുക്കുന്നത് അങ്ങിനെയായിരുന്നു എന്ന് പറയാം. ശബ്ദങ്ങളിലെ നായകൻ അസ്തിത്വപ്രതിസന്ധി പ്രത്യക്ഷത്തിൽ തന്നെ അഭിമുഖീകരിക്കുന്നയാളാണ്.

എന്നെ സ്നേഹിക്കാനോ വെറുക്കാനോ പോലും ആരുമില്ല. ഭൂമിയിൽ എത്രകോടി എന്തെല്ലാം തരം മനുഷ്യരാണുള്ളത് ? മറ്റുള്ളവർക്കും എനിക്കുമായി എന്ത് വ്യത്യാസം ? ആരും എന്റെ ആരുമല്ല. അല്ലെങ്കിൽ നിങ്ങൾ പറഞ്ഞപോലെ എല്ലാവരും എന്റെ സ്വന്തക്കാരാണ്! ഈ ചിന്ത എനിക്ക് ലവശേഷം ധൈര്യം തന്നില്ല. കവിതകളിലോ പ്രസംഗങ്ങളിലോ എന്തും പറയാം പച്ചയായ ജീവിതത്തിൽ ഓരോരുത്തരും ഓരോ അനാഥ ജീവിയാണ്! ആരു മരിച്ചാലെന്ത് ? ആര് ജീവിച്ചാലെന്ത് ? (ബഷീർ 2015:53)

സമാനമായ സാഹചര്യങ്ങൾ വ്യക്തികളെ അന്യവത്കരണ ചിന്തകളുള്ളവരുമാക്കി. ഫ്രോയ്ഡിയൻ മനഃശാസ്ത്രചിന്തകളും മാർക്സിയൻ പ്രത്യയശാസ്ത്രവുമെല്ലാം സാമൂഹികചിന്തകളെ വിശകലനം ചെയ്യാനാരംഭിച്ചു തുടങ്ങിയതോടെ ആധുനികമായ വ്യക്തിസ്വാതന്ത്ര്യ പദ്ധതികൾക്കും തുടക്കമായി എന്ന് പറയാം. മനുഷ്യൻ അടിസ്ഥാനപരമായി സ്വാതന്ത്ര്യം ആഗ്രഹിക്കുന്നവനാണ്. സ്വാതന്ത്ര്യം എന്ന ആശയത്തെ മാർക്സ് ഗഹനമായ വിശകലനങ്ങൾക്ക് വിധേയമാക്കുന്നുണ്ട്. മനഃശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന ഫ്രോയ്ഡിന്റെ ചിന്തകളും മാർക്സിയൻ വീക്ഷണങ്ങളോട് വളരെയധികം സമാനത പുലർത്തുന്നുണ്ട്. മനുഷ്യൻ എപ്പോഴാണോ ചില പ്രത്യേക ബലങ്ങളാൽ നിയന്ത്രിക്കപ്പെടുന്നത്, അഥവാ ചില ഘടകങ്ങൾ അവന്റെ വിധി തീരുമാനിക്കുന്നത് അപ്പോഴെല്ലാം അവൻ അസ്വതന്ത്രനായിരിക്കും എന്ന വിഖ്യാതശാസ്ത്രജ്ഞനായ സ്പിനോസയുടെ ആശയം തന്നെയാണ് മാർക്സിസത്തിന്റെയും ഫ്രോയിഡിയൻ മനഃശാസ്ത്രത്തിന്റെയും അടിസ്ഥാനം. മനുഷ്യൻ മറ്റുള്ളവരിൽ നിന്നും ആത്യന്തികമായി അവനവനിൽ നിന്നും തന്നെയുള്ള അന്യവത്കരണം (alienation from oneself) അഭിമുഖീകരിക്കുന്ന ഒരു ജന്തുവാണ് എന്ന ചിന്ത ആധുനികത സാഹിത്യത്തിലും ദർശനങ്ങളിലും ഉൾച്ചേർത്ത ഒന്നാണ് എന്ന് പറയാം. തുടർച്ചയായ അധ്വാനം, വർധിച്ചു വരുന്ന ദുരിതങ്ങൾ,

എത്ര കഷ്ടപ്പെട്ടാലും ജീവിതം ക്ലേശകരമായി തുടരുന്ന അവസ്ഥ, ജീവിതത്തോടുള്ള വിരസത എന്നിവ തൊഴിലാളിയെ വ്യത്യസ്തമായ ഒരു മാനസ്സികാവസ്ഥയിൽ എത്തിക്കുന്നു. അവരുടെ ക്രിയാത്മകത, സർഗാത്മകമായ ശേഷികൾ തുടങ്ങിയവയിൽ നിന്നും ഫലത്തിൽ അവനവന്റെ സത്തയിൽ നിന്നുതന്നെയും അവൻ അന്യവത്കരിക്കപ്പെടുന്നു. 'പ്രപഞ്ചത്തിന്റെ സ്വപ്രവർത്തികളുടെ കേന്ദ്രസ്ഥാനമാണെന്നു മനസ്സിലാക്കാതെ സ്വന്തം വ്യക്തിത്വത്തിന്റെ ആന്തരിക സത്തയിൽ നിന്ന് പോലും മനുഷ്യൻ ഒറ്റപ്പെട്ടു' (Fromm 1950:44).

മാർക്സിസത്തിൽ ചരിത്രവിശകലനം എന്നത് മനുഷ്യനിൽ സംഭവിക്കുന്ന നിരന്തരമായ പരിഷ്കരണത്തെ കൂടി വിശകലനം ചെയ്യുന്നതും ഉൾപെടുന്നുണ്ട്. ചരിത്രം എന്നാൽ മനുഷ്യവംശത്തിന്റെ ഇന്നേവരെയുള്ള കഥയും സംഭവങ്ങളും മാത്രമല്ല. അത് മനുഷ്യന്റെ ആന്തരികപ്രകൃതി അഥവാ മനുഷ്യഗുണത്തിലുണ്ടാവുന്ന സ്വാഭാവികമായ പരിവർത്തനം അഥവാ മനുഷ്യൻ സ്വയം വിലകൊടുക്കുന്ന അന്തസ്സ്, സ്വാഭിമാനം എന്നൊക്കെ പറയുന്നത് കൂടിയാണ്. അടിമത്തത്തിൽ നിന്നും ഫ്യൂഡലിസത്തിലേക്കും മുതലാളിത്തത്തിലേക്കുമുള്ള സാമൂഹ്യപരിഷ്കരണം മനുഷ്യന്റെ ആന്തരികപ്രകൃതിയെയും മാറ്റങ്ങൾക്ക് വിധേയമാക്കുന്നുണ്ട്. ഉദാഹരണത്തിന് ചാതുർവർണ്യകാലത്തെ മനുഷ്യരുടെ ധർമസങ്കൽപങ്ങളും മൂല്യബോധവുമല്ല കോളനിവത്കരണകാലത്തെ ജനങ്ങളിൽ കുടികൊള്ളുന്നത്. സ്വാതന്ത്ര്യസങ്കല്പങ്ങൾ ഭൗതികമായതും കൂടി ഉൾച്ചേർന്നതാണ്.

ഫ്രോയിഡിന്റെ മനുഷ്യസങ്കൽപം മനുഷ്യനെ ചില ഭൗതികാവശ്യങ്ങൾ നിറവേറ്റാൻ വേണ്ടിമാത്രം മറ്റുള്ളവരുമായി ബന്ധം സ്ഥാപിക്കുന്ന ഒറ്റപ്പെട്ട ജീവിയാക്കി. തിന്നാനും കുടിക്കാനും ആഗ്രഹങ്ങൾ നേടാനും ഉള്ള നെട്ടോട്ടം ഒഴിച്ചാൽ എല്ലാ മനുഷ്യരും ഒറ്റയൊറ്റയായി നിലകൊള്ളുന്നുവെന്ന് ഫ്രോയ്ഡിയൻ മനഃശാസ്ത്രം പറഞ്ഞു വെച്ചു. ആധുനിക മനുഷ്യന്റെ അന്യവത്കരണാവസ്ഥ ശബ്ദങ്ങൾ എന്ന

നോവലിൽ പലയിടത്തും വായിക്കാം. മറ്റാർക്കോ വേണ്ടി യുദ്ധം ചെയ്ത് കണ്ടമാനം മനുഷ്യരെ വെടിവെച്ചു കൊന്ന് ചോര കണ്ട് അറപ്പു തീർന്ന അന്യവത്കരണാവസ്ഥയിൽ എത്തിച്ചേർന്ന ആധുനികമായ ജന്തുവിന്റെ രോദനങ്ങൾ ശബ്ദങ്ങൾ എന്ന നോവലിൽ പലയിടത്തും അലയടിക്കുന്നു.

'ഞാൻ ഒരേകാന്ത ജീവിയാണ്. മറ്റൊന്നുമല്ല മനുഷ്യസമുദായമാകുന്ന മഹാ യന്ത്രത്തിന്റെ ഒരാണി പോലുമല്ല ഞാൻ! ആരെങ്കിലും എന്നെ എന്തെങ്കിലും ആക്കുമോ ? ഒരു സത്യമുള്ളത് ആരും എന്നോട് കാരുണ്യം കാണിച്ചിട്ടില്ല അഥവാ ഉണ്ടെങ്കിൽ ..... (ബഷീർ 2015 :53), ശബ്ദങ്ങൾ മില്ലുകളുടെ ചൂളംവിളി, കപ്പലുകളിൽ നിന്നുള്ള പൊള്ളയായ കുഴൽവിളികളും! വേലക്കാരെ വിളിക്കുകയാണ്, ഭൂമിയിലെ വേലക്കാരെ! എന്നെ വിളിക്കാൻ ആരുമില്ലല്ലോ, ഒരു യന്ത്രവുമില്ലാ, ഒരു മനുഷ്യനുമില്ലാ ജീവിതത്തിലേക്ക് ഒരു ദിവസം കൂടി പുലരാൻ പോകുന്നു ...'(ibid:54)

"ഉല്പാദനപ്രക്രിയയിൽ യന്ത്രത്തിന്റെ കട്ടയായി തീർന്ന മനുഷ്യന് തൊഴിലിൽ ആത്മവത്തയും നഷ്ടമായി എന്ന് എറിക് ഫ്രോം പറയുന്നത് ഇവിടെ ചേർത്ത് വായിക്കുക (Fromm 1950 :44 )

ശബ്ദങ്ങളിലെ നായകൻ ആഖ്യാതാവിന്റെ "നിങ്ങളെന്തെങ്കിലും സ്വന്തമായി ചെയ്ത് അതിന്റെ സന്തോഷം അനുഭവിച്ചിട്ടുണ്ടോ?" എന്ന ചോദ്യത്തിനുത്തരമായി "ഇല്ല" എന്ന് മാത്രമല്ല "അനേകം മനുഷ്യരെ താൻ വെടി വെച്ച് കൊല്ലുകയും മനുഷ്യന്റെ ചോരകുടിക്കുകയും ചെയ്തിട്ടുണ്ട്" എന്ന് ആവർത്തിച്ചു പറയുന്നു (ബഷീർ2015:23). "എന്തെങ്കിലും പൂവോ കായോ നട്ടോ ദാഹിച്ചു വരുന്ന പട്ടിക്ക് വെള്ളം കൊടുത്തോ വിശക്കുന്ന മനുഷ്യന് ആഹാരം കൊടുത്തോ സ്വയം സുഖം കണ്ടെത്തിയിട്ടുണ്ടോ?" എന്ന ചോദ്യത്തിന് മറുപടിയെന്നോണമാണ് ഇത് പറയുന്നത്. ലൈംഗികതയോടടക്കം മനുഷ്യൻ വെച്ച് പുലർത്തുന്ന അധാർമികതയും അരാജകത്വതാല്പര്യവും മനുഷ്യനെ

തന്നെ ശാരീരികമായും മാനസ്സികമായും രോഗാവസ്ഥയിലെത്തിച്ചേർക്കുകയും സ്വത്വപ്രതിസന്ധിയിലകപ്പെടുത്തുകയും ചെയ്യുന്നു. കൊല്ലുകയും ചോരചിന്തുകയും ചെയ്യുന്ന അധികാരവ്യവസ്ഥയുടെ ഇരയായ മനുഷ്യനോട് മറ്റു മനുഷ്യന്റെയും മനുഷ്യേതരുടേയും വേദന കണ്ടെത്തി പരിഹരിക്കുന്നതിലും സ്വന്തമായി എന്തെങ്കിലും നിർമിച്ചെടുത്ത് അതിൽ ആഹ്ലാദം കണ്ടെത്തുന്നതിന്റെയും പ്രാധാന്യത്തെ പറ്റി പറയുക കൂടിയാണ് ശബ്ദങ്ങൾ എന്ന നോവലിൽ കൂടി ബഷീർ ചെയ്യുന്നത്.

അസ്തിത്വവാദം തത്വചിന്തയുടെ ഉപോൽപന്നമാണ് എന്നു പറയാം. തത്വചിന്ത മനുഷ്യന്റെ സത്യാന്വേഷണത്തിന്റെ ഭാഗവും. വെള്ളം ഭക്ഷണം തുടങ്ങിയവക്കു വേണ്ടിയുള്ള വിശപ്പ് ശമിച്ചതിനുശേഷം മനുഷ്യൻ അവനവനെ സംസ്കരിക്കുന്നതിന്റെ ഭാഗമായി മസ്തിഷ്കത്തിന്റെ വിശപ്പിനുള്ള ആഹാരം കണ്ടെത്താൻ ശ്രമമാരംഭിച്ചു. പ്രകൃതിരഹസ്യങ്ങൾ പഠന വിധേയമാക്കിയതിനു ശേഷം മനുഷ്യൻ സത്യാന്വേഷണം അവനവനിലേക്കു തന്നെ തിരിച്ചു വിട്ടു. "മനുഷ്യാ നീ നിന്നെ തന്നെ അറിയുക" എന്ന് ആദ്യം പ്രഖ്യാപിച്ചത് സോക്രട്ടീസായിരുന്നു (qtd. Sina 1982:13), തത്വചിന്തയും സാഹിത്യവും വളർന്നത് പരസ്പര പൂരകമായാണ്. അവ തമ്മിൽ ധാരാളം കൊണ്ടുകൊടുക്കലുകൾ കാലാകാലങ്ങളിൽ ഉണ്ടായിട്ടുണ്ട്. സാഹിത്യത്തിന്റെ പുരോഗതിക്കൊപ്പം തത്വചിന്തമാത്രമല്ല, മറ്റ് വിവിധ ചിന്താപദ്ധതികളെല്ലാം തന്നെ ഇവ്വിധമായ ഇടപാടുകൾ നടത്തുകയും സാഹിത്യത്തോടൊപ്പം മൾട്ടിഡിസിപ്ളിനറിയായി വളരുകയും ചെയ്തു എന്നും പറയാം. പുതിയ കാലത്ത് സാഹിത്യവും സംസ്കാരപഠനത്തിന്റെ കണ്ണാടിയിൽ കൂടി നോക്കിക്കാണാവുന്ന ഉപകരണമായതിന്റെയും ചരിത്രം സൂചിപ്പിക്കുന്നതും ഇത് തന്നെ എന്നും പറയാം. 'സാഹിത്യത്തിന്റെ ശ്രമം മനുഷ്യനെയും ലോകത്തെയും വെളിപ്പെടുത്തുക എന്നതായത് കൊണ്ട് അത് തത്വചിന്തയുടെ ധർമവും നിർവ്വഹിക്കുന്നതായി ' സാർത്രും അഭിപ്രായപ്പെടുന്നുണ്ട് (qtd. Howells 1998:47)

മനുഷ്യന്റെ എക്കാലത്തെയും വേപഥുവാണ് ലോകത്തിൽ ഉപേക്ഷിക്കപ്പെട്ടവനാണ് അവനെന്ന അസ്തിത്വവ്യഥ. അവൻ എവിടെ നിന്ന് വന്നു? എന്തിന് വന്നു? എങ്ങോട്ട് പോകുന്നു? ആരവന് തുണ ? ഈ ചിന്തകൾ വളർന്നാണ് ആധുനികതയുടെ മതം തന്നെ രൂപപ്പെട്ടത് എന്ന് മറ്റൊരർഥത്തിൽ പറയാം. പൂർണസ്വാതന്ത്ര്യം എന്ന മിഥ്യയെ തേടിയുള്ള അവന്റെ അസ്തിത്വപലായനങ്ങൾ എല്ലാം അവനെ ഏകാന്തനും ശൂന്യതാ ബോധത്തിനടിമയും പരാജിതനുമാക്കി മാറ്റി എന്നും പറയാം. നിരർഥകമായ ഒച്ചപ്പാടുകൾ മാത്രമായി ജീവിതാസ്തിത്വവ്യഥ അവന്റെ ആന്തരികതയെ ചൂഴ്ന്നു.

റിയലിസം യാഥാർത്ഥ്യത്തിന്റെ/ വസ്തുതയുടെ പ്രതിഫലനമാണ് എന്നു പറയാം. എന്നാൽ ആധുനികമനുഷ്യൻ വസ്തുനിഷ്ഠലോകത്തെ ഒരു പരിധി വരെ മാറ്റി നിർത്തുകയും ബോധത്തിന്റെ സാക്ഷി മാത്രമോ ഉള്ളിലുള്ള കാവ്യവസ്തുവോ മാത്രമായ ഏകാകിയെ തഴുകിയുണർത്തുവാനുള്ള ശ്രമമാരംഭിച്ചു. അവന്റെ എദയവ്യഥയുടെയും അനാദിയായ വേദനയുടെയും വിശപ്പിന് ആഹാരവസ്തുവാകാനുള്ള ഒന്നുകൂടിയായിരുന്നു അസ്തിത്വവ്യഥ! തത്വചിന്തയുടെയും അബോധാകാമനകളുടെയും മനസ്സിന്റെ വന്യമായ സഞ്ചാരങ്ങളുടെയും ഒക്കെ ശാസ്ത്രത്തെ കൊണ്ട് പടുത്തിയർത്തിയ ആധുനികതയുടെ പ്രധാന ഒച്ചകളിൽ ഒന്നായിരുന്നു അസ്തിത്വവ്യഥയും അന്യതാവൽക്കരണവും എന്ന് പറയാം. ബഷീറിന്റെ ശബ്ദങ്ങളിൽ മുഴങ്ങുന്ന പല ഒച്ചകളും ഇതിന്റെ മുഴക്കങ്ങളാവാതിരിക്കാൻ തരമില്ല തന്നെ. ശബ്ദങ്ങളിലെ പട്ടാളക്കാരൻ ആരാണ്? ശിഥിലചിന്തകളും ശിഥിലബന്ധങ്ങളും വ്യക്തിത്വം ഉടഞ്ഞവനും താൻ ആരെന്ന്, തന്റെ ജീവിതത്തിന്റെ ലക്ഷ്യമെന്തെന്ന് തന്നോട്ട് തന്നെയും മറ്റുള്ളവരോടും പറയാൻ സാധിക്കാത്ത നിസ്സഹായവസ്ഥയുടെ പ്രതിരൂപമാണയാൾ. അയാളുടെ ദൃഷ്ടിയിൽ ജീവിതം ഒരു അന്ധാളിപ്പോ അനിശ്ചിതത്വമോ മാത്രമാണ്. ഇത് ആധുനികതയുടെ രൂപഭാവതലങ്ങളിൽ നിലീനമായിക്കിടക്കുന്ന

അസ്തിത്വവ്യഥയുടെ അനുഭവേദ്യങ്ങളല്ലാതെ മറ്റെന്താണ്? മനുഷ്യനെ കുറിച്ച് ഉറപ്പുള്ള കാര്യങ്ങൾ ഒന്നുമില്ല. അതു കൊണ്ട് തന്നെ ആദർശയോഗ്യനായ കഥാപാത്രങ്ങളിൽ ബഷീറിന്റെ പട്ടാളക്കാരൻ ഉൾപ്പെടുന്നുമില്ല. "രൂപമില്ലാത്ത ആകൃതി, നിറമില്ലാത്ത നിഴൽ , തളർന്നുപോയ ശക്തി, ചലനമറ്റ ആംഗ്യം" (hollow man) എന്ന ടി.എസ്. എലിയറ്റിന്റെ കാവ്യഭാവനയിലെ വ്യതിഥന്റെ ഛായ നമുക്കീ പട്ടാളക്കാരനിൽ ദർശിക്കാൻ പ്രയാസമില്ല. ഈ പട്ടാളക്കാരനിൽ ആധുനികതയുടെ ആവേശങ്ങളിലൊന്നായ അസ്തിത്വവ്യഥയുടെ പല സവിശേഷതകളുമുണ്ട്. അവന്റെ ഭൂതകാലം ഏതാണ്ട് ശൂന്യമാണ്. അവൻ പരിത്യജിക്കപ്പെട്ടവനാണ്. ഭാവിയെക്കുറിച്ച് അവന് പ്രത്യേകിച്ചൊന്നുമറിഞ്ഞുകൂടാ. വർത്തമാനകാലം ശൂന്യതാ വലയിതമാണ്. കടുത്ത ജീവിതനൈരാശ്യവും മരണോന്മുഖതയും സ്വേച്ഛാനുസരണമല്ലാതെ താൻ ചെയ്യേണ്ടി വന്ന പ്രവൃത്തികൾ മൂലമുള്ള കുറ്റബോധവും അവനെ സാർഥകമല്ലാത്ത അസ്തിത്വമുള്ളവനാക്കി മാറ്റിയിരിക്കുന്നു. ആ വ്യഥകൾ അവന്റെ ഉടലും ആന്തരികതയും ചൂഴ്ന്ന് അവനെ വിവശനാക്കുന്നു. മരണം വരെയുള്ള രോഗം (Sickness Unto Death) എന്നാണ് കീർക്കഗോർ തന്റെ ഒരു താത്വികകൃതിക്കു പേരിട്ടിരിക്കുന്നത്. സമൂഹത്തിൽ നിന്ന് ഉൾവലിഞ്ഞ് തന്നിലേക്ക് തന്നെ ചുരുങ്ങിക്കൂടുന്ന; ഭയം, ഉത്കണ്ഠ, നിരാശ, ആകുലത, തീരുമാനഭീതി, ആലസ്യം തുങ്ങിയ രോഗാവസ്ഥകൾ അനുഭവിക്കുന്ന, കീർക്കഗോർ പറഞ്ഞ ആ ആധുനിക മനുഷ്യന്റെ പ്രതിരൂപം കൂടിയാണയാൾ.

കേരളത്തിൽ നഗരസംസ്കാരമോ യുദ്ധക്കെടുതികളോ കൂടിയതോതിൽ നിലവിൽ വരാത്ത ഒരു കാലത്താണ് ബഷീർ ശബ്ദങ്ങൾ രചിക്കുന്നത്. ബഷീർ കൂടി ജയിലിൽ കിടന്നും പോരാടിയും നേടിയെടുത്ത രാജ്യസ്വാതന്ത്ര്യം ലഭിച്ച വർഷം കൂടിയായിരുന്നു അത്. താൻ ആഗ്രഹിച്ച സ്വാതന്ത്ര്യമായിരുന്നില്ല വിഭജിത ഇന്ത്യയ്ക്ക് ലഭിച്ചത് എന്ന നിരാശയും മതിലുകൾ പോലുള്ള കൃതികളിൽ നമുക്ക് വായിച്ചെടുക്കാം

എന്ന കാര്യം കൂടി ഓർക്കണം. ശബ്ദങ്ങളുടെ പശ്ചാത്തലമായി ഇവ രണ്ടും നിലനിൽക്കുന്നു. മലയാളനോവലിന്റെ ആരംഭകാലം മുതൽക്കുതന്നെ നഗരവും പ്രതിപാദിക്കപ്പെടുന്നുണ്ട്. ഇന്ദുലേഖയിൽ മദിരാശിയാണ് ആധുനിക ജീവിതപരിസരം നിറഞ്ഞു നിൽക്കുന്ന നഗരമായി ചിത്രീകരിക്കപ്പെടുന്നത്. ഇന്ദുലേഖയിലെ നായകനായ മാധവനാവട്ടെ നഗരം നന്മയുള്ളതൊന്നും നൽകുന്നില്ല. അയാൾ നഗരത്തിനാൽ പറ്റിക്കപ്പെട്ടവനാണ്. ശബ്ദങ്ങളിൽ നഗരം തെരുവിന്റെ രൂപത്തിലാണ് ചിത്രീകരിക്കപ്പെടുന്നത്. യുദ്ധത്തിൽ പങ്കെടുത്ത് തിരിച്ചുവന്ന പട്ടാളക്കാരന്റെ ജീവിതാനുഭവങ്ങളുടെ പശ്ചാത്തലവും സാക്ഷിയുമെല്ലാം ഈ നഗരമാണ്. നഗരത്തിന്റെ പൈശാചികമുഖങ്ങൾ ആദ്യം പ്രത്യക്ഷപ്പെടുന്നത് ശബ്ദങ്ങളിലാണ് എന്നും പറയാം. ഗൊണേറിയ, സിഫിലിസ് തുടങ്ങിയ ലൈംഗികരോഗങ്ങൾ, ആർക്കും ആരോടും ഉത്തരവാദിത്തമോ അടുപ്പമോ സ്നേഹമോ ഇല്ലാത്ത ജീവിതങ്ങൾ, ലൈംഗികതൊഴിൽ, വേഷംകെട്ടലുകൾ, മൂല്യച്യുതികൾ എല്ലാം നിറഞ്ഞ നാലും കൂടിയ മുക്ക് എന്ന തെരുവിന്റെ രൂപകമാണ് ഈ നഗരഭൂപടം. സത്യം, നീതി, ധർമ്മം, വിനയം തുടങ്ങി ആദരിക്കപ്പെടുന്ന മൂല്യങ്ങളൊന്നും അവിടെയില്ല.

റിയലിസത്തിന്റെയോ കല്പനികതയുടെയോ ഭാഷാരീതിയോ കഥാപാത്രചിത്രണ സമ്പ്രദായമോ അല്ല അസ്തിത്വവാദ-ആധുനിക നോവൽ ചിത്രണത്തിന്റേത്. ശബ്ദങ്ങൾ എന്ന നോവലും സ്വീകരിച്ചിരിക്കുന്നത് അതു തന്നെയാണെന്ന് സൂക്ഷ്മവായനയിൽ വ്യക്തമാവും. കാല്പനികചിന്തയുടെ അതിശയോക്തി കലർന്നതോ പുറംകാര്യങ്ങളുടെയും സംഭവങ്ങളുടെയും വിശദീകരണത്തിന് യോജിക്കുന്നതോ അല്ലാത്ത ഭാഷയും ആഖ്യാനവുമാണ് അത് സ്വീകരിക്കുന്നത്. ബോധങ്ങളുടെ സഹജഭാവത്തിന് അനുസൃതമായതും അഹം അഭിമുഖീകരിക്കാനുതകുന്നതും (പട്ടാളക്കാരനും ആഖ്യാതാവും തമ്മിലുള്ള സംഭാഷണ രൂപം) ഒക്കെയായ ആധുനികതയുടെ പുതുമൊഴി മുഴക്ക

മാണ് ശബ്ദങ്ങളിൽ കേൾക്കുന്നത് (ഭൂമിയുടെ ചോരയാകുന്നു വെള്ളം, ദാഹിച്ചു വരുന്ന പട്ടിക്ക് വെള്ളം കൊടുക്കുക, ഹൃദയത്തിന് ദുഃഖവും ശരീരത്തിന് ക്ഷീണവുമായി ഞാൻ ഒരു വൃക്ഷച്ചുവട്ടിലിരുന്നു, ഇടതു വശത്ത് തെല്ലകലെ ആർത്തിരമ്പുന്ന നഗരം എന്റെ നിഴൽ നഗരവും കഴിഞ്ഞങ്ങനെ പോയി, അപാരതയുടെ അതിരിലേക്ക് തുടങ്ങിയ വാക്യങ്ങളും ഭാഷയും ശ്രദ്ധിക്കുക). ആഖ്യാതാവിന്റെ തന്നെ അപര സ്വത്വത്തോടുള്ള സംവേദന രൂപത്തിലാണത് വെളിപ്പെടുന്നത്. ചില യിടങ്ങളിൽ ശബ്ദാർഥങ്ങളെ സംബന്ധിച്ചുള്ള അംഗീകൃതനിയമങ്ങളെ അത് പൊളിച്ചെഴുതുകയും ഭ്രാന്തവും അയുക്തികപരവുമായ പ്രവാച കസ്വഭാവം പുണരുകയും ചെയ്യുന്നു. "ഉള്ളവയുടെ ഉൺമയെ തുറന്നു കാട്ടുക എന്നതാണ് ഭാഷയുടെ ധർമം. ഈ ധർമം നിർവചിക്കപ്പെ ടാത്തിടത്ത് ഭാഷ മരവിച്ച് വെറും സാങ്കേതിക വിദ്യയും ,ജല്പനവുമായി മാറുന്നു" (കാപ്പൻ 1991: 25).

ശബ്ദങ്ങളിൽ ബഷീർ സ്വീകരിച്ച ഭാഷ 'ഞാൻ'-ന്റെ പ്രകാശന ത്തിന് പറ്റിയ ഭാഷയാണ് എന്നു പറയാം. നേരത്തെ സൂചിപ്പിച്ച വിധം അത് പലപ്പോഴും ആത്മഭാഷണത്തിന്റെ രീതി കൈവരിക്കുന്നു. എഴു ത്തുകാരൻ കാല്പനികനായി മാറുമ്പോൾ രണ്ടു വാക്കുകൾ തമ്മിൽ ചേർക്കുമ്പോൾ മൂന്നാമത് നക്ഷത്രമുണ്ടാകുന്നു. എന്നാൽ ആധുനി കതയെ പുൽകിയ എഴുത്തുകൾ 'രണ്ടു വാക്കുകളെ തമ്മിൽ ചേർക്കു മ്പോൾ മൂന്നാമത് ഉണ്ടാകുന്നത് ഉൽകണ്ഠയാണ്' (അഗസ്റ്റിൻ ജോസഫ് 1997:15). പാത്രസൃഷ്ടിയിലെ 'ധീരോദാത്തനധിപ്രഭവാൻ' എന്ന നായകസങ്കല്പവും ശബ്ദങ്ങളിൽ പൊളിഞ്ഞു വീഴുന്നുണ്ട്. സി.വി യുടെ നോവലുകളിലും ഇന്ദുലേഖയിലുമെല്ലാം ദീക്ഷിക്കപ്പെട്ട ഈ ഉത്തമ കഥാപാത്രഭാവനയും ഒരു പക്ഷെ ആദ്യമായി തിരുത്തപ്പെട്ടത് ശബ്ദ ങ്ങളിൽ ആണെന്ന് തോന്നുന്നു. പിന്നീട് നവോത്ഥാനഘട്ടത്തിൽ തകഴിയുടെയും കേശവദേവിന്റെയുമെല്ലാം നോവലുകളിലെ നായകൻ മാർക്ക് മാതൃക നിർമിക്കാനും ബഷീറിന് കഴിഞ്ഞു. ഈ മൂന്ന് പേർ

ക്കരിടയിൽ നവീനപ്രവണതകളോട് കൂടുതൽ അടുപ്പം കാണിക്കുകയും ആദ്യം ആ പാതയിലേക്ക് ചരിക്കുകയും ചെയ്തത് ബഷീറാണെന്ന് തെളിയിക്കുന്നതാണ് ശബ്ദങ്ങളിലെ ഭാഷണങ്ങളും കഥാപാത്രപരിസരചിത്രണവും എന്നും പറയാം.

ശബ്ദങ്ങളിലെ പട്ടാളക്കാരൻ തികച്ചും ആധുനികൻ കൂടിയാണ്. അയാൾ അഗതിയും വിജനതയുടെ രൂപകമായ തെരുവിലേക്ക് എടുത്തെറിയപ്പെട്ടവനും നിരാലംബനും ഏകാകിയും പീഢിതനും അസംതൃപ്തനും സ്വതന്ത്രനും പഥികനും സ്വയംഭ്രഷ്ടനും വിഷയാസക്തനും ശൂന്യതാ വാദിയും കാമരോഗിയും ജീവിതത്തിന്റെ നിരർഥകത തിരിച്ചറിഞ്ഞവനും കുടിക്കുന്ന വെള്ളത്തിൽ മനുഷ്യന്റെ കണ്ണുകളും ചോരയും കണ്ട് അറപ്പ് തീർന്നവനുമെല്ലാമാണ്.

ശബ്ദങ്ങളിൽ ക്രിയാംശത്തിന് പ്രാധാന്യം കുറവാണ്. വിഘടിതമായ അബോധവും ബോധവും തമ്മിലുള്ള ഭാഷണരൂപത്തിലാണ് നോവലിന്റെ ഘടന. ബോധത്തിന്റെയും അബോധത്തിന്റെയും ആവിഷ്കരണത്തിന് ഒരു രൂപപ്രതീതി നൽകാൻ വേണ്ടി മാത്രമാണ് നോവലിസ്റ്റ് കഥാപാത്രത്തെ ആവിഷ്കരിക്കുന്നത്. 'പട്ടാളക്കാരൻ' എന്ന ഏക കഥാപാത്രത്തിന്റെ ആവശ്യമേ ശബ്ദങ്ങൾക്കു വേണ്ടൂ. എന്നാൽ ആഖ്യാതാവും പട്ടാളക്കാരനും തമ്മിലുള്ള സംഭാഷണങ്ങളിൽ കൂടി സന്ദേഹിയുടെയും പ്രതിവചനങ്ങളുടെയും സ്വഭാവം നോവൽ കൈവരിക്കുന്നു. പട്ടാളക്കാരൻ എന്ന കഥാപാത്രം രചയിതാവിന്റെ അടിമയല്ല. അയാൾ അയാളുടെ തന്നെ ഉള്ളിൽ നിന്ന് സ്വാതന്ത്ര്യം പ്രഖ്യാപിക്കുകയും അപഥസഞ്ചാരങ്ങളിലേക്ക് പ്രവേശിച്ച് പോവുകയും ചെയ്ത വ്യക്തിയാണ്. ഇവിടെ കഥാപാത്രം അർഥം അന്വേഷിക്കുന്ന സന്ദേഹിയും ആഖ്യാതാവ് സന്ദേഹങ്ങളെ ശമിപ്പിക്കുന്ന അഹമെന്ന പ്രതിവചനങ്ങളായും പരിണമിക്കുന്നു. കഥാപാത്രങ്ങളുടെ ബാഹ്യക്രിയകളിലല്ല എഴുത്തുകാരന്റെ കളിയാട്ടം. അവരുടെ സ്വാർഥനിഷ്ഠമായ ആന്തരികസഞ്ചാരങ്ങളിലെ വൈവിധ്യങ്ങളിലാണ്.

ആധുനിക നോവലുകളുടെ ഇതിവൃത്തം അസ്തിത്വത്തിന്റെ ചിത്രണമാണ്. അത് മനുഷ്യന് ആകാൻ സാധിക്കുന്ന സാധ്യതകളുടെ ചിത്രണമാണ്. ലോകത്തിൽ മനുഷ്യൻ അങ്ങിനെയായിരിക്കുന്നുവെന്നാണ് എഴുത്തുകാരൻ പറയുന്നത്. നോവലെഴുത്തുകാരൻ ചരിത്രകാരനോ പ്രവാചകനോ ആകുന്നില്ല. അവൻ അസ്തിത്വത്തിന്റെ അന്വേഷകനാണ് (Kundera 1995: 44)

ശബ്ദങ്ങളിലെ നായകൻ അന്യതാബോധം പേറുന്നവനാണ്. മനുഷ്യവർഗത്തിന്റെ പ്രവാഹത്തിൽ നിന്ന് അവൻ ഒറ്റപ്പെട്ടു കഴിയാൻ ആഗ്രഹിക്കുന്നു. പാശ്ചാത്യലോകത്തുണ്ടായ അസ്തിത്വനോവലുകളിലെ പ്രധാന കഥാപാത്രങ്ങളും ഈ സവിശേഷതകൾ പ്രകടിപ്പിക്കുന്നവരാണ്. അവർ ആഴമുള്ള സാമൂഹ്യബന്ധങ്ങൾ സൂക്ഷിക്കുന്നില്ല. വിവാഹിതരല്ല. എന്തിൽ നിന്നെങ്കിലും ആരിൽ നിന്നെങ്കിലും അകലുകയോ അന്യമാവുകയോ ചെയ്യുന്ന പ്രവൃത്തിയോ പ്രവൃത്തിയുടെ ഫലമോ ആണ് അന്യതാബോധം കൊണ്ട് ഉദ്ദേശിക്കുന്നത്.

ശബ്ദങ്ങൾ മലയാളസാഹിത്യത്തിലെ ലക്ഷണമൊത്ത ആദ്യ അസ്തിത്വവാദ അന്യവത്കരണ കൃതിയാണ് എന്നാണ് പറയാൻ ശ്രമിച്ചത്. ബഷീർ തന്റെ സമകാലീകരിൽ നിന്ന് വ്യത്യസ്തത പുലർത്തിയത് സാഹിത്യത്തിലെ ഭാവുകത്വപരിണാമത്തെ മുൻകൂട്ടി അഭിമുഖീകരിച്ച എന്ന അർഥത്തിൽ കൂടിയാണ്. നവോത്ഥാനാധുനികതക്ക് ശേഷം ഇവിടെ സംജാതമായ ആധുനികതാവാദം കൂടുതലായും പ്രത്യക്ഷപ്പെട്ടത് സാഹിത്യത്തിലും അതിൽ പ്രധാനമായും നോവൽ സാഹിത്യത്തിലുമായിരുന്നു. ദാരിദ്ര്യം പോലുള്ള ഭൗതിക പ്രതിസന്ധികളെ അഭിമുഖീകരിച്ചതിനു ശേഷം സാഹിത്യം ഏകാകിയായ മനുഷ്യന്റെ മനസ്സിന്റെ ആന്തരിക സങ്കീർണതകളിലേക്ക് പ്രവേശിച്ച് അവന്റെ അസ്തിത്വ വ്യഥകളെയും അന്യതാബോധ്യത്തെയും അഭിമുഖീകരിച്ചുകൊണ്ടാണ് സ്വയം നവീകരിച്ചത്. യൂറോപ്യൻ സാഹിത്യത്തിലെയും തത്വചിന്തയിലെയും മനഃശാസ്ത്രത്തിലെയും ചിന്താപദ്ധതികളെ കൂട്ട്

പിടിച്ചു കൊണ്ട് തന്നെയായിരുന്നു ഈ സ്വയം നവീകരണം. നോവൽ സാഹിത്യത്തിൽ വൈക്കം മുഹമ്മദ് ബഷീറിന്റെ ശബ്ദങ്ങൾ ഭാഷ കൊണ്ടും പ്രമേയം കൊണ്ടും ഭാവുകത്വം കൊണ്ടും അതിന്റെ അടിപ്പടവിട്ടു.

## സഹായകഗ്രന്ഥങ്ങൾ


അഗസ്റ്റിൻ ജോസഫ്, കെ., *ആധുനികത മലയാളനോവലിൽ*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1997.

കാപ്പൻ, എസ്., *കലാസൃഷ്ടിയുടെ ഉറവിടം*, മാനുഷം പ്രസിദ്ധീകരണം, ചങ്ങനാശ്ശേരി, 1991.

തരകൻ, കെ.എം., *പാശ്ചാത്യ സാഹിത്യതത്വശാസ്ത്രം*, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, 1974.

ബഷീർ, വൈക്കം മുഹമ്മദ്, *ശബ്ദങ്ങൾ*, ഡി.സി.ബുക്ക്സ്, കോട്ടയം, 2004.

Fromm, Erich, *Man for Himself: An Inquiry into the Psychology of Ethics*, Fawcett Premier, 1965.

Howells, Christina, *Sartre: the Necessity of Freedom*, Cambridge, Newyork, 1989.

Kierkegaard, Soren, *Sickness unto Death*, Trans., Walter Lowrie, Primeton University Press, place 1941.

----------------, *Fear and Treambling*, Trans., Walter Lowrie, Primeton University Press, place 1954

Kundera, Milan, *The Art of the Novel*, Rupa&Co., NewDelhi, 1995.

Sina, M.N, *A Primer of Existentialism*, Capital Publishing House, Delhi, 1982.